# S.R.M.G.H.S.S

# RAMNAGAR

little KITEs

# അക്ഷരം



LITTLE  KITES MEMBERS   2019-2020

# ലിറ്റിൽ കൈറ്റ്സ്

- മഹിമ .ടി വി
- അക്ഷയ് കൃഷ്ണ .കെ
- കൈലാസ്
- അഭിഷേക്.എ
- അശ്വിൻ.വി.കെ
- ശിവജിത്ത് ഗംഗാധരൻ
- അതുൽ.പി
- അവിനാഷ്.കെ എസ്
- സിദ്ധാർത്ഥ്.പി
- വിശാഖ് .കെ വി
- നിഥിൻ കൃഷ്ണൻ .വി
- കണ്ണൻ .ഓ.ട്ടി
- ആര്യ .കെ
- അനഘ .ടി എം
- ആർദ്ര .പി ജെ
- നന്ദന എം ടി
- അമൃത ലക്ഷ്മി .എ
- അക്ഷയ് .എം

- വൈഷ്ണവ് .ബി കെ

- ദർശന .കെ വി

അക്ഷയ് കൃഷ്ണ

## ഉള്ളടക്കം


| ക്രമ നമ്പർ | വിഭാഗം | പേജ് നമ്പർ |
|---|---|---|
| 1 | അമ്മ | |
| 2 | പുഴ | |
| 3 | ടാഗോർ മഷിക്കുറുപ്പിനെ നോക്കി | |
| 4 | നിലവിളി | |
| 5 | വ്യോമമിത്ര | |
| 6 | മഗ്നീഷ്യത്തിന്റെ ആത്മകഥ | |
| 7 | യുവപ്രതിഭയ്ക്ക് മുന്നിൽ | |
| 8 | പഴഞ്ചൊല്ലുകൾ | |
| 9 | ഡി എൻ എ ബിൽ നിയമമായാൽ | |
| 10 | യാത്രാവിവരണം | |
| 11 | അശാന്തിയിലെ സംഗീതം | |
| 12 | സ്റ്റീഫൻ ഹോക്കിങ് | |
| 13 | ചിത്രങ്ങൾ | |
| 14 | മഴചില ഓർമ്മകൾ | |



# സന്ദേശം

സ്വാമി രാംദാസ് മെമ്മോറിയൽ ഗവ:ഹയർ സെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ഭാഗമായി മാഗസീൻ പ്രസിദ്ധീകരിക്കുന്ന എന്നറിഞ്ഞതിൽ ഏറെ സന്തോഷമറിയിക്കുന്നു. കുട്ടികളിലെ ഐ.ടി മികവിനെ പ്രോത്സാഹിപ്പിക്കുന്ന ഈ പദ്ധതിക്ക് എന്റെ എല്ലാവിധ ആശംസകളും നേരുന്നു.




# അമ്മ

അമ്മയാണെൻ ദൈവമെന്നു പഠിച്ചു ഞാൻ
അമ്മയാണെൻ ദൈവമെന്നുമെഴുതി ഞാൻ
അമ്മ തൻ മടിത്തട്ടിലെന്നുമുറങ്ങി ഞൻ
അമ്മയെന്ന സത്യം പഠിക്കുവാൻ
ഞനൊന്ന് വീഴുമ്പോൾ ഉരുകുമെന്നമ്മയ്ക്ക്
മനസോന്നുലഞ്ഞീടും
സൂര്യനു മുമ്പെഴുന്നേറ്റെന്റെമ്മ നെട്ടോട്ടമോടിടുമ്പോൾ
എന്റെ കുഞ്ഞി നെന്നും നല്ലതുവരണെമന്നോക്കുമല്ലോ
മുറ്റത്തെ തുളസിത്തറയിൽ വിളക്കു വച്ചെന്റമ്മ
കാവിലെ ദേവിയായ് എനിക്ക് തോന്നി!
ദേവിയാണെന്റമ്മ ദയയുമാണ്
അമ്മ തൻ സാരിത്തുമ്പു പിടിച്ചു നടന്നു ഞാൻ
അമ്മയുലെ നന്മ പഠിക്കുവാൻ
ദേവിയായ് എന്നുള്ളിലുള്ളതുമെന്നമ്മ
പാവങ്ങളുടെ അമ്മയായുള്ളതുമെന്ന താൻ
അമ്മയിലെ സ്നേഹമറിഞ്ഞു ഞാൻ
അമ്മ തൻ നെറ്റിയിലെ കുങ്കുമത്തിൽ
മാഹാത്മ്യമറിഞ്ഞു ഞാൻ
അമ്മയണെൻ ആദ്യ ഗുരുനാഥ

ദർശന ഇ വി
ഒൻപതാം തരം
എസ്സ്.ആർ. എം. ജി.എച്ച്. എസ്സ്.എസ്സ് രാംനഗർ

# പുഴ



പുഴകളെ നിങ്ങളെവിടെ

നിന്റെ അത്രമ കിടാങ്ങളാം മീൻ കുഞ്ഞുങ്ങളെവിടെ

നിന്റെ ഓളപ്പരപ്പിൽ തുള്ളിത്തിമർത്തു ഞാൻ

നിന്നെ ചുംബിച്ച നാളുകൾ എവിടെ

ഇന്നലെ  കളകളം പുഞ്ചിരിച്ചൊഴുകിയ  നീ

ഇന്നിതാ വറ്റിയ തരിശ്ശു ഭ്രമി

കൊടിയ വേനലിൽ നീ വീർപ്പു മുട്ടുന്നു

തടവുകാരികളെപ്പോലെ

നിന്നെ നശിപ്പിച്ച മനുഷ്യൻ ഇന്നിതാ

ഒരു തുള്ളി തണ്ണീരിനായ് കലഹിക്കുന്നു

ഇന്നു നിന്റെ ശത്രുവും മനുഷ്യൻ

കാലനും ഈ ദുഷ്ടരാം  മനുഷ്യർ


നന്ദന പി

9B

# ടാഗോർ




# മഷിക്കറുപ്പിനെ നോക്കി

ചിന്തയുടെ താളവും
ശബ്ദത്തിന്റെ താളവും
സത്യത്തെ തൊടുംനേരം
തിരുത്തലുകൾ
സന്ദേഹികളാകെ
വാക്കുകളിൽ
പക്ഷികൾ കൂടുവെച്ച്
മൃഗങ്ങൾ
ഛായ ഉൾക്കൊള്ളാൻ ശ്രമിച്ച്
സാമ്യപ്പെടാൻ,
മനുഷ്യരോട്
ആകസ്മികാംശം പ്രകടമാകാതെ
കവിതയിൽ ഒതുങ്ങാതെ ടാഗോർ
മഷിക്കറുപ്പിനെ നോക്കി

ബിജു കാഞ്ഞങ്ങാട്
HSA MALAYALAM
SRMGHSS രാംനഗർ

# നിലവിളി

വെയിലിനു ചവർപ്പുകൂടി. കാറ്റ് ഇളം ചൂടോടുകൂടി അവളെ തഴുകി. വാഹനങ്ങളുടെ ഇരമ്പലും ഹോണടികളും അവളുടെ ഉറക്കം കെടുത്തി. ക്ലോക്കിലെ സൂചികൾ ഒൻപതിൽ നിലയുറപ്പിച്ചു. ഓഫീസിലെത്താനുള്ള പരക്കം പാച്ചിലിനൊടുവിൽ അവളുടെ കൈ തട്ടി എന്തോ താഴെ വീണു. പെറുക്കിയെടുക്കാൻ നിൽക്കാതെ അവൾ നിരത്തിലിറങ്ങി. ബസ്സ് സ്റ്റോപ്പിൽ നേരം വൈകിയതിനാൽ തിരക്കൊഴിഞ്ഞിരുന്നു. ബസ്സിൽ സൈഡ് സീറ്റിൽ സ്ഥാനം പിടിച്ചു. അവളുടെ മനസ്സിൽ വ്യാകുലതകളുടേയും വേവലാതികളുടേയും ഒരു തിര തന്നെ ആഞ്ഞടിച്ചു.

"എന്നാണാവോ നാട്ടിലൊന്ന് പോയിവരിക ? കഴിഞ്ഞ വിഷുന് പോയതാണ് "

ആ പച്ചപ്പും , തണുപ്പും , തോടും , വയലും , മുത്തശ്ശീടേ മടിയിൽ കിടക്കുന്നതും , മാങ്ങ പെറുക്കുന്നതുമൊക്കെ അവളുടെ മനസ്സിൽ ഒരു കൊള്ളിമീൻ പോലെ മിന്നിമാഞ്ഞു.

ഹോൺ ശബ്ദം അവളുടെ കിനാവിനെ കീറിമുറിച്ചു കളഞ്ഞു. ഇന്നെങ്കിലും പോകാൻ പറ്റിയിരുന്നെങ്കിൽ ! പോകണം അവൾ മനസ്സിലുറപ്പിച്ചു. ജോലികളെല്ലാം തീർത്ത് വൈകുന്നേരം വരുമ്പോൾ മനസ്സിൽ ഒന്നേ ഉണ്ടായിരുന്നുള്ളു "മുത്തശ്ശീടേ വാത്സല്യം". മണിയാറായി വേഗം നടന്നാൽ വീട്ടിലെത്തി ഒൻപത് മണീടേ വണ്ടിക്ക് പോകാം. അവൾ വേഗം വന്ന ഒരു ബസ്സിൽ കയറി. ആനന്ദലഹരിയിൽ മത്തുപിടിച്ചതുമൂലം അവൾ മറ്റുയാത്രക്കാരെ ശ്രദ്ധിച്ചിരുന്നില്ല. സൈഡ് സീറ്റിലിരുന്ന് ജാലകത്തിലൂടെയെത്തിയ തണുത്ത കാറ്റ് അവളുടെ മുഖത്തിന് കുളിർമയേകി. അവൾ മെല്ലെ ഓർമ്മകളിലേക്ക് വഴുതി വീണു. തന്റെ ഭൂതകാലം അവൾ ചികഞ്ഞെടുത്തു. വണ്ടി മന്ദം ഒഴുകിക്കൊണ്ടിരുന്നു. വഴിയിൽ വച്ച് ആരൊക്കെയോ കയറുകയും ചെയ്തു. അവൾ ഒന്നുമറിയാതെ ചിന്തയിലാണ്ടു. അപ്പോഴും വണ്ടി ഓടിക്കൊണ്ടിരുന്നു.

പുറംലോകം ഒന്നുമറിയാതെ ചലിച്ചുകൊണ്ടിരിക്കുന്നു. വേഗത്തിൽ ചീറിപ്പാഞ്ഞിരുന്ന ആ ബസ്സിൽ നിന്ന് ഒരു നിലവിളിയുതിർന്നതുപോലും !


ദേവപ്രിയ . പി

9 c

എസ്സ്. ആർ. എം. ജി. എച്ച്. എസ്സ്. എസ്സ്

രാംനഗർ




# <u>വ്യോമമിത്ര</u>

ഇന്ത്യ ബഹിരാകാശത്തേക്ക് അയക്കുന്നമനുഷ്യറോബോർട്ട് ഹ്യൂമനോയ്ടാണ് വ്യോമ മിത്ര.ഇന്തയുടെ ആദ്യ ബഹിരാകാശ മനുശ്യ ദൗത്യമായ ഗഗൻയാനിൽസ്ത്രീകളെ അയയ്ക്കുന്നില്ലെങ്കിലും അതിന് മുന്നോടിയായി അയക്കുന്ന മനുഷ്യറോബോർട്ട്(ഹ്യൂമനോയ്ഡ്)പെണ്ണാണ്.മനുഷ്യ സഞ്ചാരികളുമായി ഗഗൻയാൻ കുതിക്കുന്നതിന് മുമ്പ് രണ്ട്പരീഷണപേടകങ്ങൾ ബഹിരാകാശത്തെക്ക് അയച്ച് തിരിച്ച് ഭൂമിയിൽ ഇറക്കാനാണ് ഐ.എസ്.ആർ.ഒയുടെ പദ്ധതി.ഈ രണ്ട് പേടകങ്ങളിലും വ്യോമ മിത്രയെ അയയ്ക്കും.മനുഷ്യ സഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുകെയാണ് ഈ പെൺ ഹ്യൂമാനോയിഡിന്റെ പ്രധാന ദൗത്യം.ഇത് മനുഷ്യനെ പോലെ തന്നേയുള്ള റോബോർട്ടായിരിക്കുമെന്നും മനുഷ്യന് ചെയ്യാവുന്ന മിക്ക പ്രവർത്തികളും ഹ്യൂയ്ഡിനം കഴിയുമെന്ന് ഐ.എസ്.ആർ.ഒ ചെയർമാൻ ഡോ.കെ.ശിവൻ നേരത്തേ വെളിപെടുത്തിയിരിക്കുന്നു. ബഹിരാകാശ ശക്തികളായ മറ്റ് രാഷ്ട്രങ്ങളിലോണം കന്നിദൗത്യത്തിൽ ഹ്യൂമനോയിഡിനെ അയച്ചിട്ട്ല്ല.



കൈലാസ് വികെ

9B

# മഗ്നീഷ്യത്തിന്റെ ആത്മകഥ

ഞങ്ങളുടെ സമുദായത്തിന്റെ ഉത്ഭവത്തെക്കുറിച്ച് പറയാൻ ഒരു പാട്ടുണ്ട്.എപ്പോഴാണ്,എവിടെയാണ് എന്ന് കൃത്യമായി പറയുക സാധ്യമല്ല. അത് പ്രപഞ്ചോത് പത്തിയോളം പഴക്കമുള്ളതാണ്.


ആദ്യമായി ഉണ്ടായത് ആരാണെന്നും പറയാൻ കഴിയില്ല. പക്ഷെ ഇപ്പൊൾ ഞങ്ങളുടെ നൂറ്റിപ്പതിനെട്ട് അംഗങ്ങളായി. എന്നാൽ ഇവരെല്ലാം ഒരേ വീട്ടുകാരോ ഒരേ കുടുംബകാരോ ആല്ല. മനുഷ്യസമുദായത്തിൽ ഉള്ളത്ര ജാതിവ്യവസ്ഥകൾ ഇല്ലെങ്കിലും ഞങ്ങളിലും ചെറിയ തേതിൽ അവയൊക്കെയുണ്ട്. ലോഹങ്ങൾ, അലോഹങ്ങൾ,ഉപലോഹങ്ങൾ തുടങ്ങിയവ അതിൽ ചിലതു മാത്രം. ഞാൻ ലോഹജാതിയിൽ പെട്ട ആളാണെന്നും പറയെണ്ടതില്ലല്ലോ. ആൽക്കലൈൻ എർത്ത് ലോഹങ്ങൾ എന്ന കുടുംബം S ബ്ലോക്ക് എന്നവിഭാഗത്തിൽ പെടുന്നവരാണ് ഞങ്ങൾ അറിയപ്പെടുന്നത് തന്നെ S2 മൂലകങ്ങൾ എന്നല്ലേ. ഇതേ വിഭാഗത്തിൽ വാരുന്ന മറ്റൊരു കുടുംബം കൂടിയുണ്ട്. ഞങ്ങളെക്കാൾ പ്രവർത്തനശേഷി കൂടിയവർ-ആൽക്കലി ലോഹങ്ങൾ

ഉടക്കാത്ത തേങ്ങയുടെ രുചിയറിയാൻ സാധിക്കുകയില്ല. എന്നൊരു ചൊല്ലുണ്ട്. എന്നെക്കുറിച്ച് അറിയണമെങ്കിൽ ഞാനുണ്ടായതിനെക്കുറിച്ചും എന്റെ ഘടനയെക്കുറിച്ചുംപറയെണ്ടതുണ്ട്. പേര് മഗ്നീഷ്യം. ചുരുക്കപ്പേര് Mg. എനിക്കും -ഞാനുമായി ബന്ധമില്ലെങ്കിലും -എന്റെ ജാതിയിൽ പെട്ട മറ്റൊരാൾക്കും (മാംഗനീസ്) പേര് ലഭിച്ചത് മഗ്നീഷ്യ എന്ന സ്ഥലപ്പേരുമായി ബന്ധപ്പെട്ടാണ്. മാംഗനീസ് എന്നത് ഒരു ഇറ്റാലിയൻ പേരാണ്. ഗ്രീസിലെ തെസ്സ്ലിയിലെ ഒരു ജില്ലയാണ് മഗ്നീഷ്യ.എന്റെയും മാംഗനീസിന്റേയും ഓക്സൈഡ് , കാർബണേറ്റ് അയിരുകൾ ധാരാളമായി ഈ പ്രദേശത്ത് കണ്ടിരുന്നു. അതുകൊണ്ട് തന്നെ ഇവയെ മഗ്നീഷ്യയിൽ നിന്നുള്ള കല്ലുകൾ (Stones from Magnesia) എന്നു വിളിച്ചു വന്നു എന്നാൽ ഞങ്ങളുടെ പേരിനെ കുറിച്ച് മറ്റൊരു കഥ കൂടി പറഞ്ഞുകേൾക്കുന്നുണ്ട്. ഏഷ്യമൈനറിലെ ഒരു പട്ടണമായ മഗ്നഷ്യയമായി ബന്ധപ്പെട്ടതാണ്

വാസ്തവത്തിൽ ഇത് ശരിയല്ല. മഗ്നീഷ്യ എന്ന പേരുള്ള രണ്ട് പട്ടണങ്ങൾ യഥാർത്ഥത്തിൽ ആ ഭാഗത്ത്  ഉണ്ടായിരുന്നു. ഈഫേസസിന് (Ephesus) സമീപമുള്ള മഗ്നീഷ്യ അഡ് മീൻഡ്രം (Magnesia admeandrum).അതുപോലെ സ്മൈർനയ്ക്ക്(smyrna) സമീപമുള്ള മഗ്നീഷ്യ അഡ് സിപ്പിലം(Magnesia ad sipylum)

അശ്വിൻ.വി.കെ

9thc



# യുവപ്രതിഭയ്ക്ക് മുന്നിൽ

പ്രകൃതിരമണീയമായ കാട്ടുകുളങ്ങര എന്ന എന്റെ സ്വന്തം നാടിന്റെ അയൽവാസിയായ നമ്മുടെ അഹങ്കാരമാണ് യുവപ്രതിഭയായ ശ്രീ ദിവാകരൻ വിഷ്ണുമംഗലം.നമ്മുടെ സ്കൂൾ(S.R.M.G.H.S.S) പരിസരമായ വിഷ്ണുമംഗലം ജനിച്ചു വളർന്ന ശ്രീ ദിവാകരൻ വിഷ്ണുമംഗലം.എന്നാൽ നമ്മുടെ ചിന്തകളിലും തന്റേതായ സ്വന്തം പ്രതീക്ഷയിൽ നിന്ന് തുടങ്ങിയ ആ യുവകവി ഇന്ന് ഉയരങ്ങളിലേക്ക് ആളിക്കത്തിക്കൊണ്ടിരിക്കുകയാണ്. പ്രഭാതം എന്ന ചെറുകവിതയിൽ നിന്ന് ആരംഭിച്ചതായിരുന്ന ഇദ്ദേഹത്തിന്റെ കവി ജീവിതം ഇന്ന് 50-ലേറെ കവിതകൾ

രചിച്ചു. എല്ലാവരേയും അത്ഭുതത്തിന്റെ ആഴങ്ങളിലേക്ക് കൂട്ടിക്കൊണ്ടുപോവുകയാണ് ശ്രീ.ദിവാകരൻ പഠനത്തിന്റെ ഭാഗമായി പ്രതിഭകളെ തേടിയുള്ള യാത്രയിൽ (s.r.m.g.h.s.s)രാംനഗറിലെ 12 കുട്ടികളും ബിന്ദുടീച്ചറും നമ്മുടെ സ്കൂളിന്റെ അഭിമാനമായ ഒരു യുവകവികളിൽ ഒരാൾകൂടിയായ

ബിജുസാറിന്റെ സാനിധ്യത്തിൽ എത്തിച്ചേർന്നത് ശ്രീ ദിവാകരൻ വിഷ്ണുമംഗലം എന്ന പ്രതിക്ഷയുടെ മുന്നിലാണ്.വേനലിന്റെ ചൂടേറ്റ് തളർന്ന് അവശരായി അദ്ദേഹത്തിന്റെ സ്വർഗ്ഗകൂടാരത്തിനുമുന്നിൽ എത്തിയപ്പോൾ ആദ്യം മനസ്സൊന്ന് ഭയത്തിന്റെ പടിതട്ടി താഴെ വീണെങ്കിലും ആ പുതുപ്രതീക്ഷയ്ക്കുമുന്നിൽ ഞനൊന്നു അറിയാതെ മനസ്സിൽ ശിരസ്സു നമിച്ചു.ഇനി വരുന്നപുതുജീവനുമുന്നിൽ ഒരു ഉന്മേഷത്തോടെ തണലായി പടരാൻ ആഗ്രഹിക്കുന്ന ഈ മഹാകവിയെപോലെ തന്നെ നിഷ്കളങ്കമായ പീലിവിടർത്തിനിൽക്കുന്ന മയിലിനെപോലെ ഒരു തണൽ വൃക്ഷം.ഒരു ജീവന് പുതുവിശ്വസം നൽകാൻ എന്ന പോലെ ആ ഭവനത്തിനകത്തേക്ക് പ്രവേശിക്കുമ്പോൾ ആദ്യം കണ്ടകാഴ്ച്ചകൾ തന്നെ ഈ ലോകത്തിലെ എല്ലാം കവികളും കവിത്രയങ്ങളും എനിക്ക് മുന്നിൽ എത്തിചേർന്ന അനുഭൂതിയും കൂടാതെ എനിക്ക് ചുറ്റും പുതുവിസ്മയങ്ങൾ തീർക്കുന്ന സ്വപ്നങ്ങളുമാണുണ്ടായത്.പുസ്തകങ്ങളുടേയും ചിത്രങ്ങളുടേയും ഒരു വലിയ മാളികയായിരുന്നു അത്.

ആരുമൊന്ന് അത്ഭുതപ്പെട്ടേക്കും.എം.ടി വാസുദേവൻ നായർ എന്ന നോവലിസ്റ്റിന്റെയും,ടി പത്മനാഭനെന്ന കഥാകാരാന്റെയും കൈയിൽ നിന്ന് പുരസ്കാരങ്ങൾ ഏറ്റുവാങ്ങുന്നചിത്രങ്ങളും ആ ഭവനത്തിനുള്ളിൽ ഞാൻ കണ്ടു.അവിടെയെല്ലാവരും വളരെ പ്രതീക്ഷാഭരിതരായി. താൻ ആരാണെന്നും താൻ ഇനി എന്താകുമെന്നും തുറന്നുകാട്ടുകയാണ് നമുക്ക്മുമ്പിൽ ആ കവി ആദ്യം വെളിപ്പെടുത്തിയത്. തന്റെ വളരെ നല്ലൊരു സുഹൃത്തായ മറ്റൊരു രചയിതാവായ ആ മഹാകലാകാരനായ ബിജു സാർ അദ്ദേഹത്തെ പൊന്നാട നൽകി ആദരിച്ചു.ആ മംഗളകർമ്മത്തിൽ സാക്ഷിയാകാൻ സാധിച്ചതിൽ ഞാൻ വളരെ അഭിമാനിക്കുന്നു.താനാൽ സൃഷ്ടിക്കപ്പെട്ട പുതു സൃഷ്ടികളെ നമുക്ക്മുമ്പിൽ വിതറുകയും പരിചയപ്പെടുത്തുകയും ചെയ്തു.അതിൽ നിന്ന് കൊയക്കട്ട എന്ന പുസ്തകം ഏറ്റുവാങ്ങിയത് ഞാനായിരുന്നു. ഞങ്ങളെല്ലാംവരും ചേർന്ന് ആ തണൽവൃക്ഷത്തിന്റെ അരികിൽ നിന്ന് ഒരു ഫോട്ടോ എടുത്തു.അപ്പോൾ ഇനി വളരുന്ന പുതുതലമുറയക്ക് അദ്ദഹം നൽകിയ ഒരു പുതുവാചകം ഇങ്ങനായിരുന്നു

പ്രതീക്ഷിക്കുക വന്നോളം

പ്രതീക്ഷിക്കുക.പിന്നീട്അതിനെ വളർത്തി

സഫലീകരിക്കുക.അപ്പോൾ എന്റെ ച്ചിന്ത ആദ്യം പറന്ന് പോയത് അബ്ദുൾകലാമിന്റെ വാക്കുളാണ് സ്വപ്നം കാണുക ആ സ്വപ്നം സഫലീക്കരിക്കുക

എന്നായിരുന്നു.ഇവിടെ രണ്ടുചിന്തകളും

ചലിച്ചിരിക്കുന്നത് ഒരേ ദിശയിലേക്കാണ്.ആ കവിക്കുന്നന്നിൽ ഒരു മണൽത്തരിയുടെ സ്ഥാനമില്ലാത്ത നമുക്ക് ശ്രീ ദിവാകരൻ സാറിനെ നേരിൽ ദർശിക്കാൻ കഴിഞ്ഞതിൽ ഞാൻ വളരെ

സന്തോഷവതിയാണ്.നമുക്ക് ഭക്ഷികാൻ അൽപ്പം

നാരങ്ങാവെള്ളവും ബിസ്കറ്റുകളും നൽകി.അത് കഴിച്ചപ്പോൾ എനിക്ക് വളരെ ഉന്മേഷം

തോന്നി.എന്റെ  സംശയങ്ങൾ ഞാൻ പ്രകടിപ്പിച്ചു. ഒരു നറുപുഞ്ചിരിയോടെ എന്റെ സംശയങ്ങൾ

തീർത്തുതരുകയും യാത്രപറയുകയും ചെയ്തു. പരീക്ഷ ഉള്ളതുക്കൊണ്ട് അധികനേരം അവിടെ

ചിലവഴിക്കാൻ നമുക്ക് സാധിച്ചില്ല. വേഗത്തിൽ തിരിച്ചുപോന്നതുകൊണ്ട് ഞാൻ വളരെ

ദുഃഖത്തിലായിരുന്നു.പിന്നീട് അത് വളരെ

സന്തോഷകരമായ ഒരു അനുഭവമായിരുന്നു.

ഹൃദ്യപ്രകാശ്
9C

# പഴഞ്ചൊല്ലുകൾ

- മണ്ണും ചാരി നിന്നവൻ പെണ്ണും കൊണ്ടുപോയി
- കാണം വിറ്റും ഓണം ഉണ്ണണം
- വിത്ത് ഗുണം പത്ത്
- സമ്പത്തുകാലത്ത് തൈ പത്തു വച്ചാൽ ആപത്തു കാലത്തു കാ പത്തു തിന്നാം
- നിറകുടം തുളുമ്പില്ല
- മിന്നുന്നതെല്ലാം പൊന്നല്ല
- മത്തൻ കുത്തിയാൽ കുമ്പളം മുളയ്ക്കില്ല
- പഴഞ്ചൊല്ലിൽ പതിരില്ല
- എല്ലുമുറിയെ പണിതാൽ പല്ലുമുറിയെ തിന്നാം
- ഓണം വന്നാലും ഉണ്ണി പിറന്നാലും കോരന്റെ കുമ്പിളിൽ തന്നെ
  കഞ്ഞി
- ഐക്യമത്യം മഹാബലം
- മടിയൻ മല ചുമക്കും
- ഒത്തുപിടിച്ചാൽ മലയും പോരും
- ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട
- അറിവാണ് ശക്തി
- ചക്ക തിന്നുംതോറും പ്ലാവ് വെക്കാൻ തോന്നും
- ഉപ്പ് തിന്നവൻ വെള്ളം കുടിക്കും
- വേണമെങ്കിൽ ചക്ക വേരിലും കായിക്കും
- ആന മെലിഞ്ഞാൽ തൊഴുത്തിൽ കെട്ടുമോ?
- ആന വായിൽ അമ്പഴങ്ങ

- *വേലി ചാടിയ പശു കോലു കോണ്ടേ ചാവു*
- *കാക്ക കുളിച്ചാൽ കൊക്കാകുമോ*
- *കാക്കയ്ക്കും തൻകുഞ്ഞ് പൊൻകുഞ്ഞ്*
  - *ഓടുന്ന പട്ടിക്ക് ഒരു മുഴം മുൻപേഒരു വെടിക്ക് രണ്ട് പക്ഷി*

അവിനാഷ് കെ എസ്സ്

9B



# ഡിഎൻഎ  ബിൽ നിയമമായാൽ?

കൂടത്തായി കൊലപാതക പരമ്പര കേസിൽ ഡിഎൻഎ  സാമ്പിൾ ശേഖരിച്ചു. കല്ലറയിൽ നിന്നെടുത്ത സാമ്പിളുകളുമായുള്ളബന്ധമുറപ്പിക്കാൻവേണ്ടിയാണിത്. കേരളത്തെ നടുക്കിയ കൂടത്തായി കൊലപാതക കേസിനെപ്പറ്റി വന്ന വാർത്തളിലൊന്നാണിത്. കല്ലറയിൽ മണ്ണിലലിഞ്ഞ ശരീരഭാഗങ്ങളുടെ സാമ്പിളെടുത്താൽ എങ്ങനെ ആളെതിരിച്ചറിയാം എന്ന ചോദ്യത്തിന് ,ഡിഎൻഎ പരിശോധിച്ചാൽ പോരെ എന്ന്പറയാനുള്ള വൈദ്ഗ്ധ്യം മലയാളി നേടിക്കഴിഞ്ഞു. പിതൃത്യ പരിശോധനയക്കപ്പുറം ഒരാളെ തിരിച്ചറിയാനും അയാളുടെ സ്വഭാവ സവിശേഷതകൾ കണ്ടെത്താനും ഡിഎൻഎ പഠനത്തിലൂടെ കഴിയും .ഈ സാധ്യതയാവാം ഡിഎൻഎ റെഗുലേഷൻ ബിൽ എന്ന പേരിൽ അവതരിപ്പിക്കുന്നതിന് പിന്നൽ.

വ്യക്തികളുടെ സ്വകാര്യത ലംഘിക്കപ്പെടുമെന്ന് വിമർശനമുയർന്ന ഡിഎൻഎ ടെകനോളജി റെഗുലേഷൻ ബിൽ പാർലമെന്റിന്റെ സ്ഥിരം സമിതിയുടെ പരിശോധനയിലാണ് . ജൂലൈയിൽ ലോകസഭപാസാക്കിയ ബിൽ രാജ്യസഭയുടെ പരിഗണനയിലിരിക്കെയാണ്അധ്യക്ഷൻ വെ യ്യ നായിഡു സ്ഥിരം സമിതിക്ക് കൈമാറിയത്. സമിതി ഭേദഗതി നിർദേശിക്കുകയും അത് രാജ്യസഭ പാസാക്കുകയും ചെയ്താൽ വീണ്ടും ഈ ബിൽ ലോകസഭയിലവതരിപ്പിക്കേണ്ടി വരും . ജനിതകഘടന പരിശോധിച്ച് കുറ്റകൃത്യം കണ്ടെത്തുന്നതാണിതിലെ പ്രധാന വ്യവസ്ഥ. ദേശീയ, മേഖലാതലങ്ങളിൽ ഡിഎൻഎ ഡാറ്റാ ബാങ്കിനും ശുപാർശയുണ്ട്. കഴിഞ്ഞ എൻഡിഎ സർക്കാരിന്റെ അവസാനകാലത്താണ് ബിൽ ലോകസഭയിൽ അവതരിപ്പിച്ചത്. എന്നാൽ ലോകസഭ പസ്സാക്കിയ ബില്ലിന് രാജ്യസഭയിൽ അംഗീകാരം ലഭിച്ചില്ല.

ഡിഎൻഎ എന്നു ചുരുക്കി വിളിക്കുന്ന ഡിയോസിക്സി റൈബോ ന്യൂക്ലിക് ആസിഡ് ശരീരത്തിലോരോ കോശത്തിലുമുണ്ട്. ഓരോ വ്യക്തിയിലും ഇവ വ്യത്യസ്തമാണ്. ഇതിന്റെ പഠനം വഴി വ്യക്തിയുടെ സ്വഭാവ സവിശേഷതയും ജനിതക തകരാറുകളും കണ്ടെത്താം. ഓരോ വ്യക്തിയുടെയും ഡിഎൻഎയിൽ തിരിച്ചറിയാവുന്ന ഒരു ഭാഗം തിരിഞ്ഞെടുക്കുകയും അതിനെ പോളിവൈറസ് ചെയിൻ റിയാക്ഷൻ (പിസിആർ) എന്ന പ്രക്രിയയിലൂടെ വികസിപ്പിച്ചുപഠനങ്ങൾ നടത്തുകയും ചെയ്യുന്നു. പിസിആർ എന്ന ഘട്ടമുള്ളതിനാൽ എത്ര കുറഞ്ഞ അളവിൽ സാൾ ലഭിച്ചാലും അതിനെ

പഠനത്തിനാവിശമായ അളവിലേക്ക് വികസിപ്പിക്കാം. തിരെഞ്ഞടുക്കുന്ന ഡിഎൻഎ ഭാഗത്തിലെ ആവർത്തനസ്വഭാവമുള്ളവയുടെ  പഠനവും മറ്റൊരു  മാർഗം തന്നെയാണ്. വിരലടയാളം പോലെ വ്യത്യസ്തമായ ഡിഎൻഎയുടെ പ്രത്യേകത കണ്ടെത്തുന്ന ഈ വിദ്യയെ ഡിഎൻഎ ഫിംഗർ പ്രന്റിംഗ് എന്നും വിളിക്കുന്നു. വിദേശ രാജ്യങ്ങളിൽ കേസന്വേഷണങ്ങൾക്കും ചികിത്സയ്ക്കും സാങ്കേതികത ഉപയോഗിക്കുന്നുണ്ട്. മാത്രമല്ല ഇന്ത്യയിലിപ്പോൾ തന്നെ സസ്യങ്ങളിൽ ഇത്തരത്തിൽ ഡാറ്റാ ബേസ് സംവിധാനം വിലവിലുണ്ട്.

മഹിമ ടിവി

9A



# യാത്രാവിവരണം

2-1-2020 വ്യാഴാഴ്ച വൈകുന്നേരം 5 മണിക്കാണ് നമ്മൾ യാത്ര പുറപ്പെട്ടത്.തത്ത്വമസി ബസ്സിലായിരുന്നു യാത്ര.രാവിലെ 6:30-ന് ഇടുക്കി ജില്ലയിലെ അടിമാലിയിലെത്തി.അവിടെനിന്ന് ഫ്ലവർ ഗാർഡനിലേക്ക് പോയി,വിവിധ തരംപൂക്കൾകാണുവാനും അവയെകുറിച്ച് പഠിക്കുവാനും സാധിച്ചു.ശേഷം ഞങ്ങൾ ഡാം കാണുവാനായി മൂന്നാറിൽ ഇറങ്ങി.അവിടെയുള്ള കുണ്ടല ഡാം കാണുവാനായി ആ മഞ്ഞിലൂടെ ഞങ്ങൾക്ക് കുറച്ചുസമയം നടക്കേണ്ടിവന്നു.ചെവിയുടെ ആകൃതിയിരുന്നു ആ ഡാമിന്.ഡാമിനു സമീപത്തായി പരന്നുകിടക്കുന്ന തേയിലതോട്ടങ്ങളിലൂടെ ഞങ്ങൾ നടന്നു.ആ അനുഭവം വളരെ മനോഹരമായിരുന്നു, ഞങ്ങൾ അവിടെ നിന്നും തിരിച്ചതിനു സേശേഷംതേനിയിലെ കോടമഞ്ഞ്കാണുവാൻ പോയി.പുകപോലുള്ള ആ മഞ്ഞിൽ നമുക്ക് ഒന്നും വ്യക്തമായി കാണാൻ സാധിച്ചില്ലയെങ്കിലും പ്രകൃതി യുടെ മനോഹാരിത നാം ഏറെ അനുഭവിച്ചു.

അടുത്ത ദിവസം നമ്മൾ കൊച്ചിയിലെ വണ്ടർലായിരുന്നു വൈകുന്നേരം വരെ ചിലവഴിച്ച് പേടിപ്പെടുത്തുന്ന ഒട്ടനവധി റൈഡുകളിലും കയറി,അത് ഒരിക്കലുംമറക്കാനാവാത്ത അനുഭവമായിരുന്നു.വൈകുന്നേരം കൊച്ചിയിലെ മറയൻഡ്രൈവിലെ ബോട്ട് യാത്രയ്ക്ക് പോയി,ആ ബോട്ടിൽ-വച്ച് DJ പാർട്ടി ഉണ്ടായിരുന്നു അതായിരുന്നു എന്നെ ഏറെ ആകർഷിച്ചത്.പിന്നീട് Lulu മാളിലേക്ക് മെട്രോയിൽ പോയി,മെട്രോയിലെ എന്റെ ആദ്യഅനുഭവമായിരുന്നു അത്.പിന്നീട് ഞങ്ങൾ ഞങ്ങളുടെ യത്രതിരിച്ചു.ഈ യാത്ര വളരെ മനോഹരമരുന്നു.

ആർച്ച കെ വി

10B

# അശാന്തിയിലെ സംഗീതം

വിവിധ തലങ്ങളിൽ നിന്ന് അപഗ്രഥിക്കാവുന്ന ഒരു ചെറുകഥയാണ് മാധവിക്കുട്ടിയുടെ കടലിന്റെ വക്കത്ത് ഒരു വീട്. ഇതിലെ കഥാമർമ്മത്തെ ഏറ്റവും ചുരുക്കിപ്പറഞ്ഞാൽ അവസ്ഥാപ്രധാനം എന്ന് വിശേഷിപ്പിക്കാം.


അസംതൃപ്തമായ ദാമ്പത്യജീവിതം നയിക്കാൻ വിധിക്കപ്പെട്ട ഒരു യുവതിയുടെ വൈകാരിക വിക്ഷോഭങ്ങൾ ഈ കഥയിൽ സമർത്ഥമായി അവതരിപ്പിച്ചിട്ടുണ്ട്. അരസികനും വൃദ്ധനും മദ്യപനുമായ അറുമുഖന്റെ ഭാര്യയാകേണ്ടി വന്ന യുവതി ഭർത്താവിന്റെ ജീവിതരീതിയുടെ ദിശ നേർവഴിക്കല്ലെന്ന് മനസ്സിലാക്കിയപ്പോൾ അയാളെ ഉപദേശത്തിലൂടെ നേരെയാക്കാൻ ശ്രമിക്കുന്നുവെങ്കിലും പരാജയപ്പെടുന്നു. ഒടുവിൽ കിടക്കാൻ വീടില്ലാതെ, കഴിക്കാൻ ഭക്ഷണമില്ലാതെ, ധരിക്കാൻ നല്ല വസ്ത്രങ്ങളില്ലാതെ, പണമോ വീട്ടുസാധനങ്ങളോ ഇല്ലാതെ യാചകരുടെ സമീപത്ത് പഴകിയ സൗജന്യഭക്ഷണം കഴിച്ച് ജീവിതം തള്ളിനീക്കുന്നു. ഇതേക്കുറിച്ച് വൃദ്ധനായ അറുമുഖന് തിരിച്ചറിവുണ്ടാകുന്നു. അയാളുടെ വാക്കുകൾ ഈ സത്യം വെളിവാക്കുന്നത് ഇപ്രകാരമാണ് :"താൻ ബുദ്ധിപൂർവ്വം അവൾ പറഞ്ഞത് അനുസരിച്ച് ജീവിച്ചിരുന്നെങ്കിൽ ഇന്ന് ഈ വലിയ നഗരത്തിൽ റോഡിൽ കിടന്ന് ഉറങ്ങേണ്ടിവരുമായിരുന്നില്ല ; ശരിയാണ് ,പക്ഷേ പണം വന്നുകൊണ്ടിരിക്കുന്ന ആ കാലത്ത് തനിക്ക് അഹംഭാവമായിരുന്നു." മദ്യപാനം മൂലം ജോലി നഷ്ടപ്പെട്ട് ദുരിതക്കയത്തിൽ ആഴ്ന്നിറങ്ങുമ്പോൾ മാത്രം വരുന്ന ഇത്തരം തിരിച്ചറിവുകൾക്ക് പ്രസക്തിയില്ലല്ലോ.

ഇത്തരമൊരു വേളയിലാണ് ഒരു യാചകയുവാവ് അവരുടെ ഇടയിലേക്ക് കടന്നുവരുന്നത്. അയാളുടെ ഹൃദ്യമായ പെരുമാറ്റവും പ്രായവും യുവതിയെ ഏറെ സന്തോഷിപ്പിക്കുന്നു. ഒരിക്കൽ പോലും തന്റെ ഭർത്താവിൽ നിന്നും പരിഗണനയോ അംഗീകാരമോ ലഭിച്ചില്ലെന്ന ദുഃഖം ഹൃദയത്തിൽ കുമിഞ്ഞുകൂടിയിരുന്ന യുവതിക്ക് പ്രസ്തുത യുവാവ് ആദ്യം തന്നെ **ഒന്നാന്തരം ഗൃഹലക്ഷ്മി** എന്ന് വിശേഷിപ്പിച്ചപ്പോൾ ലഭിച്ച ആനന്ദം ഏറെയാണ്. എന്റെ ജീവിതം നശിച്ചു എന്ന് പറഞ്ഞ് വിലപിക്കുന്ന സ്ത്രീയെ അയാൾ ആശ്വസിപ്പിക്കുന്നു. നല്ലൊരു നാളെ ഉണ്ടാകില്ലെന്ന് ഒരിക്കലും തീരുമാനിക്കരുതെന്ന് പറഞ്ഞുകൊണ്ട് തന്റെ അമ്മയുടെ ജീവിതത്തിന്റെ ഉദാഹരണം നിരത്തുന്നു. ഇതിനിടയിൽ ഞാൻ പാട്ടുപാടി ജീവിച്ചു എന്ന കാര്യം പറഞ്ഞപ്പോൾ യുവതിക്ക് യുവാവിനോട് കുറേക്കൂടി അടുപ്പംതോന്നുന്നു. സംഗീതത്തെ ഇഷ്ടപ്പെടുന്ന ആ സ്ത്രീയോട് അവരുടെ ഭർത്താവ് ഒരിക്കൽപ്പോലും സംഗീതത്തെ കുറിച്ച് സംസാരിച്ചിരുന്നില്ല. തിരുനെൽവേലിയിൽ താമസിച്ചിരുന്ന നാളുകളിൽ അയൽക്കാരനായ ഭാഗവതരുടെ പാട്ടുകേട്ട് ഉണർന്നിരുന്ന കാര്യം യുവതി പറഞ്ഞപ്പോൾ "അതൊരു ഭാഗ്യമാണ് "എന്നായിരുന്നു യുവാവിന്റെ പ്രതികരണം. എന്നാൽ യുവതിയുടെ മറുപടിയാകട്ടെ "എന്തു ഭാഗ്യം "! കിടക്കാൻ വീടില്ല . ഒന്നിനും കൊള്ളാത്ത ഒരു വൃദ്ധന്റെ പെണ്ണായിപ്പോയല്ലോ ഞാൻ......" എന്ന് ഉറക്കെ പറഞ്ഞുകൊണ്ട് വർത്തമാനകാല ജീവിതദുരന്തത്തിലേക്ക് തിരിച്ചുവരുകയാണ്. ഈ സന്ദർഭത്തിൽ യുവാവിന്റെ ഇടപെടൽ ശ്രദ്ധേയമാണ്. "അങ്ങനെ വ്യസനിക്കരുത്............രാത്രിയിൽ കടലിന്റെ പാട്ടും കേട്ട് നക്ഷത്രങ്ങളും നോക്കിക്കൊണ്ട് മലർന്നുകിടക്കാനുള്ള ഭാഗ്യം നിങ്ങൾക്കില്ലേ ?" എന്നാണയാൾ ചോദിക്കുന്നത്. ഏതൊരു ദുരന്തത്തിലും പ്രത്യാശയുടെ നേരിയ കിരണം കണ്ടെത്താനുള്ള ശുഭാപ്തിവിശ്വാസമാണ് ജീവിതത്തെ മുന്നോട്ട് നയിക്കുന്നതെന്ന ലളിതമായ സത്യമാണ് ഇവിടെ പ്രകടമാവുന്നത്. ഇത് ഒരു മനഃശാസ്ത്രസമീപനമാണ്.

കഥയിൽ സസ്പെൻസ് നിലനിർത്തുക എന്നത് ഒരു തന്ത്രമാണ്. അതുപോലെ തന്നെ സസ്പെൻസ് തീരെ ഇല്ലാതാക്കുക എന്നതും ഒരു രചനാതന്ത്രമാണ്. അതാണ് മാധവിക്കുട്ടി ഈ കഥയിൽ പ്രയോഗിച്ചത് . മറ്റൊരു വാക്കിന്റെ അഭാവത്തിൽ ,സൗകര്യത്തിനായി ഞാൻ ഇതിനെ ഡീ

സസ്പെൻസ് എന്ന് വിശേഷിപ്പിക്കുന്നു. എന്നാൽ കഥാന്ത്യത്തിൽ വ്യക്തമായ ഒരു ട്വിസ്റ്റ് കാണവാൻ സാധിക്കുകയും ചെയ്യുന്നു. പ്രമേയത്തിന്റെ പ്രത്യേകതകൊണ്ടും മനഃശാസ്ത്ര സമീപനം കൊണ്ടും ഈ കഥ ശ്രദ്ധേയം തന്നെ.

ദിനേശ് മാവുങ്കാൽ
HSA മലയാളം
എസ്സ്.ആർ.എം.ജി.എച്ച്.എസ്സ്.എസ്സ്.
രാംനഗർ



# സ്റ്റീഫൻ ഹോക്കിങ്



ചലനശേഷിയോ സംസാരശേഷിയോ ഇല്ലാതെ ജീവിത്തിന്റെ സിംഹഭാഗവും വീൽചെയറിൽ കഴിഞ്ഞു കൂടിയ
വ്യക്തിയും എൻസ്റ്റൈനു ശേശം ലോകത്തെയൊക്കെ ശാസ്ത്രചിന്തയുടെ ഉദാത്തതലങ്ങളിലേക്കു നയിച്ചുക്കൊണ്ടിരുന്ന അതുല്യപ്രതിഭയമായിരുന്നു അടുത്തക്കാലത്ത് ദവംഗതനായ *സ്റ്റീഫൻ ഹൊക്കിങ്.* മനുഷ്യമനസിന്റെ അപാരസാദ്ധ്യതകളെ വെളിപെടുത്തുന്ന ഒരു സംബവമായരുന്നു അദ്ദേഹത്തിന്റെ ജീവിതം.

ശരീരം പലവിധത്തിലും പ്രവർത്തനരഹിതമായിരിങ്കിലും സജീവമായിരുന്നമസ്തിഷ്കത്തിലൂടെ പ്രവർത്തിച്ചിരുക്കുന്ന ശക്തയും ചിന്താവൈഭവും അദ്ദേഹത്തിന്റെ ജീവിതത്തെ വർഷങ്ങളോളം നിലനിർത്തിക്കൊണ്ട് മനുഷ്യരാശിയ്ക്കാകെ  വിജ്ഞാത്തിന്റെ സംത്രുപ്തി നൽകിക്കൊണ്ടിരുന്നു.ബഹിരാകാസശ ഗവേഷണങ്ങളേക്കാൾ പ്രാധാന്യം നൽകേണ്ടത് മനുഷ്യ മസ്തിഷ്കത്തെക്കുറിച്ചുള്ള ഗവേഷണങ്ങൾക്കാണെന്ന് ശരീരശാസ്ത്രജ്ഞ്ഞനും നോബൽ സമ്മാന ജേതാവുമായ സർ ജോൺ സി എക്കിൾസ് ഓർമ്മിപ്പിക്കുന്നു. ഇന്നത്തെ ആണവബോംബു നിർമ്മാണമെന്ന വിനാശകരമായ സാങ്കേതികശാസ്ത്ര പ്രവണകളിൽ നിന്നു മനുഷ്യമനസ്സ് മോചനം  നേടി അപാരമായ മനുഷ്യസാധ്യതകളെക്കുറിച്ചുള്ള അറിവിന്റെ ചക്രവാളം വികസിപ്പിക്കുവനായി മനുഷ്യരാശിക്കു പ്രചോദനം നൽകട്ടെ സ്റ്റീഫൻ ഹോക്കിങിന്റെ ജീവിതം.

നന്ദന എം. ടി
ഒൻപതാം തരം

# ചിത്രങ്ങൾ





ശിവൻ ചന്ദ്രൻ

9c

# മഴ ചില ഓർമ്മകൾ

മഴ നമ്മുക്ക് സമ്മാനിക്കുന്നത്ഒരുകുന്നോളം അനുഭങ്ങളാണ്ഓരോ മഴക്കാലവും എന്നുംഓർക്കാൻ ഇഷ്ടപ്പെടുന്നതും ഇഷ്ടപ്പെടാത്തതുമായ അനുഭവങ്ങൾ നമ്മുടെ മനസ്സിന്റെ അറക്കുള്ളിൽ താഴിട്ട് പൂട്ടിയാണ് കടന്നു പോകുന്നത്

ഒരു തുലാവർഷ സായാഹ്നത്തിൽ അവൾ ആ ചെറിയ വീട്ടിൽ ഒറ്റയ്ക്കായിരുന്നു. ജനാലകമ്പി പിടിച്ച് പുറത്ത് ചെയ്യുന്ന മഴയെ അവൾ ആസസ്വദിക്കുകയായിരുന്നു. മാരുതൻ അവളുടെ മുടിയെ പറത്തികൊണ്ടു പോയി. അമ്മയായിരുന്നു അവൾക്കു രണ്ടു വയസാകുമ്പോഴാണ് അവളുടെ അച്ഛൻ അവളെയും അമ്മയെയും ഒറ്റയ്ക്കാക്കി കാലയവനികക്കുള്ളിൽ മറഞ്ഞത്.അവളുടെ ദുഖങ്ങൾ അവൾ മഴയോട് പക്കുവെയ്ക്കുകയാണ്.അമ്മ അനുഭവിക്കുന്ന വേദനകളും  യാദനകളും,  അവൾക്ക് നന്നായിട്ടറിയാം വീട്ടിവേലയക്കു പോയാണ് അവളെ അമ്മ നോക്കുന്നത് .സാധാരണ  ആറു മണിയാകുമ്പോ

ഴേക്കും അമ്മ വീട്ടിലേക്ക്  എത്തുന്നതാണ. അന്ന്
ആരെ കഴിഞ്ഞിട്ടും അമ്മയെ കാണുന്നില്ല.മഴ
കാരണമാഴിരിക്കും അമ്മ വൈകുന്നത് അവൾ കരുതി.
ജനാല കമ്പികൾക്കിടയിലൂടെ  അവൾ കരങ്ങൾ
പുറത്തെക്ക്  നീട്ടി .മഴ കാരണമായിരിക്കും അമ്മ
വൈകുന്നേതെന്ന് അവൾ കരുതി.ജനാല കമ്പികൾ
ക്കിടയില്ലൂടെ അവൾ കരങ്ങൾ പുറത്തേക്കു നീട്ടി.മഴ
തുള്ളികൾ അവളുടെ കരങ്ങളെ ഉമ്മവെച്ചു.അമ്മ വരു
ന്ന വഴിയിലേക്ക് കണ്ണും നട്ട് അവൾ അമ്മയെ കാത്തി
രുന്നു. ആ മഴ അവളുടെ മിഴികളോട് ചോദിച്ചു  ഈ
ലോകത്ത് നിനക്ക് ഏറ്റവും ഇഷ്ടം ആരോടാണ്?
അവൾക്ക് ഒറ്റ ഉത്തരമേ ഉണ്ടായിരുമന്നുള്ളു......
അവൾ മന്ത്രിച്ചു അമ്മ... അവൾ മഴയോട് സംവദിക്കു
കയായിരുന്നു. അവളുടെവാക്യങ്ങളിൽ നിറഞ്ഞുനിന്ന
ത് അമ്മ എന്ന രണ്ടക്ഷരമായിരുന്നു. മനസ്സിൽ അറു
ത്തുമാറ്റാത്ത പൊക്കിൾകൊടിബന്ധത്തിൽ മഹത്വം
കൊണ്ടായിരിക്കാം അവൾക്ക്അമ്മയോട് ഇത്രയും
ഇഷ്ടം. മഴയോട് അമ്മയെക്കുറിച്ച് വർണ്ണിച്ചിരിക്കുക
യായിരുന്നു അവൾ.പെട്ടന്നാണ് ഫോണിന്റെ ബെല്ല
ടിക്കേട്ട് അവൾ ഞെട്ടിയത്. അവൾ ഓടി പോയി
ഫോണെടുത്തു. അവൾ ചോദിച്ചു "ഹലോ ആരാ...?

ഞാൻ മണിമാമനാ മോളെ... മോളെ നമ്മൾക്ക് ഒരു സ്ഥലംവരെ പോയിവരാം വേഗം വേണം ഫോണിൽ നിന്ന് മറുപടി കിട്ടി. എവിടേക്കാ മണിമാമ.. എല്ലാം വന്നിട്ടുപറയാം എന്ന പറയാം എന്നുപറഞ്ഞ് മണിമാമൻ ഫോൺകട്ടുചെയ്തു. മണിമാമൻ വരുമ്പോഴേക്കും അവൾ റെഡിയായി നിന്നു.മണിമാമാ.. ഇതു വരെ അമ്മ വന്നില്ല അവൾ പറഞ്ഞു. സാരമില്ല ലച്ചു അമ്മയുടെ അമ്മയുടെ അടുത്തേക്കാ നമ്മൾ പോകുന്നത് മണിമാമൻ പറഞ്ഞു. അവർ പോയത് അവളുടെ വീട്ടിൽ നിന്നും മൂന്ന് കീ.മി മാറിയുള്ള റെയിൽവേ പാതയ്ക്കടുത്താണ് . പോലീസും ആൾക്കൂട്ടവും കണ്ട് അവളുടെ കണ്ണുകളിൽ ഭയംഉയർന്നു. അവൾ ഓടി ചെന്ന് നോക്കി.ചോരയിൽ കുതിർന്നു കിടക്കുന്ന അമ്മയെയാണ് അവൾ കണ്ടത്. അവൾ പൊട്ടികരഞ്ഞു അമ്മയെ അവളുടെ കൈകൾ കൊണ്ട് തലോടി. അമ്മയുടെ നെറ്റിയിൽ ഉമ്മവെച്ചു. തെറിച്ചു വീണ അമ്മയുടെ മാലകഷ്ണത്തെ അവൾ എടുത്ത് മുറുക്കെപിടിച്ചു. അവളുടെ മനസ്സിൽ ആയിരം മുള്ളുകൾ കുത്തിയിറങ്ങുന്ന വേദന അവൾക്ക് അനുഭവപ്പെട്ടു. അവൾ ആ മഴയത്ത് അമ്മയുടെ ആ ചോരപുരണ്ട മൃതദേഹം കെട്ടിപ്പിടിച്ച് അലറി കരഞ്ഞു.അവളുടെ

കൂടെ കരയാൻ ആ മഴ മാത്രമേ ഉണ്ടായിരുന്നുള്ളൂ.

അക്ഷയ് കൃഷ്ണ.കെ

